LIBRARY ARCHIVES Kerala Legislative Assembly

പോലീസ് കോൺസ്റ്റബിൾമാരുടെ ഒഴിവുകൾ

73 (1821) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് പോലീസ് വകുപ്പിൽ പോലീസ് കോൺസ്റ്റബിൾമാരുടെ ഒഴിവുകളിൽ പുരുഷന്മാരുടെ ഒഴിവുകൾ എത്ര ; വനിതകളുടെ ഒഴിവുകൾ എത്ര എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

ആലപ്പുഴ എ. ആർ. ക്യാമ്പിൽ മാനദണ്ഡം പാലിക്കാതെ നടത്തുന്ന സ്ഥലംമാറ്റം

74 (1825) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ എ.ആർ. ക്യാമ്പിൽ മാനദണ്ഡം പാലിക്കാതെ സ്ഥലംമാറ്റം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മിശ്രവിവാഹിതരായ ദമ്പതിമാർക്ക് ലഭിക്കേണ്ട സ്ഥലംമാറ്റ ആനുകൂല്യം വ്യാജരേഖകൾ ചമച്ച് മിശ്രവിവാഹിതരല്ലാത്ത ആറ് പേർ തട്ടിയെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന് ഉത്തരവാദികളായ വർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

പോലീസ് ടെലികമ്മ്യൂണിക്കേഷനിൽ പ്രവർത്തിക്കുന്ന വിഭാഗങ്ങൾ

75 (1827) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ടെലികമ്മ്യൂണിക്കേഷനിൽ വി.എച്ച്.എഫ്., എച്ച്.എഫ്., സി.ഒ.ബി. എന്നീ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ടോ :

(ബി) കളക്ടറേറ്റുകളിൽ പോലീസ് ടെലികമ്മ്യൂണിക്കേഷൻ ഉദ്യോഗസ്ഥരെ നിയമിച്ച് പോലീസ്, ഫയർഫോഴ്സ്, നേവി, റവന്യൂ വിഭാഗങ്ങളെ ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിനുവേണ്ട നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.